## തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം

## ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

(ഹാജർ. ശ്രീ. രാജൻ എം.വി)

വിഷയം : തസ്വഭവ - സാങ്കേതിക വിഭാഗം - ജീവനക്കാര്യം - സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിൽ നിന്ന് ഫെയർ കോപ്പി സൂപ്രണ്ട് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

പരാമർശം :
1) സ.ഉ(കൈ) നം. 89/2017/തസ്വഭവ തീയതി 28.04.2017
2) ജി.ഒ(പി) നം. 7/2016/ഫിൻ തീയതി 20.01.2016
3) സ.ക. നം. ഇ.ഡബ്ല്യു3/303/2016-തസ്വഭവ തീയതി 18.10.2019
4) ഈ കാര്യാലയത്തിലെ 03.05.2017-ലെ എ1-5930/2017/സിഇ/തസ്വഭവ നമ്പർ ഉത്തരവ്
5) ഈ കാര്യാലയത്തിൽ നിന്നും 02.07.2020 തീയതിയിൽ എ2-4221/2016/സിഇ/തസ്വഭവ (3) നമ്പർ പ്രകാരം പ്രസിദ്ധീകരിച്ച സെലക്ഷൻഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിലെ അന്തിമ മുൻഗണനാപ്പട്ടിക
6) സ.ഉ(പി) നം. 42/2010/ഉഭപവ തീയതി 20.12.2010

## ഉത്തരവ് നം . എ2-9260/2016/സിഇ/തസ്വഭവ (Vol. II) തീയതി. 16.07.2020

ഈ വകുപ്പിൽ മേൽ പരാമർശം (1) പ്രകാരം അനുവദിച്ച ഒരു ഫെയർകോപ്പി സൂപ്രണ്ട് തസ്തികയിലേയ്ക്ക് പരാമർശം (5) പ്രകാരം പ്രസിദ്ധീകരിച്ച സെലക്ഷൻഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയുടെ അന്തിമ മുൻഗണനാപ്പട്ടികയിൽ പ്രഥമ സ്ഥാനീയയായ തസ്വഭവ ഡിവിഷൻ വയനാട് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീമതി. രശ്മിണി. എം.ജി-യ്ക്ക് കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസ് ചട്ടം ഭാഗം II ചട്ടം 28(a) (i) പ്രകാരം ഫെയർകോപ്പി സൂപ്രണ്ട് തസ്തികയിൽ, ₹ 30700-65400 രൂപ ശമ്പളസ്കെയിലിൽ സ്ഥാനക്കയറ്റം നൽകി തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

പരാമർശം (6)-ലെ സർക്കാർ ഉത്തരവ് പ്രകാരം ടി സ്ഥാനക്കയറ്റ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ രണ്ടുവർഷ സേവനകാലയളവിലെ ഒരു വർഷ കാലയളവ് പ്രൊബേഷൻ കാലയളവായി നിജപ്പെടുത്തിയിട്ടുണ്ട്. ബന്ധപ്പെട്ട നിയന്ത്രണാധികാരി / ഓഫീസ് മേധാവി ടി ജീവനക്കാരിയെ വിടുതൽ ചെയ്യേണ്ടതാണ്.

ചീഫ് എഞ്ചിനീയർ

വ്യക്തിയ്ക്ക് (ബന്ധപ്പെട്ട നിയന്ത്രണാധികാരി മുഖേന)

പകർപ്പ് :
1) ബന്ധപ്പെട്ട ട്രഷറി ഓഫീസർക്ക്
2) എക്സി. എഞ്ചിനീയർ, തസ്വഭവ ഡിവിഷൻ, വയനാട്
3) സീനിയോരിറ്റി സെൽ, ചീഫ് എഞ്ചിനീയറുടെ ഓഫീസ്
4) എ2 / ഇ8 സെക്ഷൻ, കരുതൽ ഫയൽ